**മാധ്യമങ്ങളുടെ സ്വഭാവം രൂപപ്പെടുന്ന**

**സാമൂഹിക പരിസരത്തെക്കുറിച്ച്**

**ഡോ. നിസാർ അഹമ്മദ്, കെ.പി. സേതുനാഥുമായി**

**സംസാരിക്കുന്നു**

# മാധ്യമങ്ങളും സമൂഹവും

**നിസാർ അഹമ്മദ്:** മാധ്യമങ്ങളുടെ യൗക്തികത യുക്തിക്കനുസരിച്ചുള്ളതല്ല. സ്റ്റേറ്റിന്റെയും ജുഡീഷ്യറിയുടെയും കാര്യവും അതുപോലെയാണ്. സ്റ്റേറ്റിനും ജുഡീഷ്യറിക്കും അതിന്റേതായ യൗക്തുതികതയാണുള്ളത്. ജഡ്ജിനേയും ജഡ്ജ്മെന്റിനേയും സ്വാധീനിക്കുന്ന പല ഘടകങ്ങളുണ്ട്. അത് യുക്തിപരമാകണമെന്നില്ല. യുക്തിയുടെ അടിസ്ഥാനത്തിലല്ല ജഡ്ജ്മെന്റ് ഉണ്ടാകുന്നത്. തെളിവുകളാണ് പ്രധാനം. തെളിവുകൾ യുക്തിസഹമാകണമെന്നില്ല. സാഹചര്യങ്ങൾക്കനുസരിച്ച് അത് വ്യത്യാസപ്പെട്ടിരിക്കും. അതുകൊണ്ട് കോടതിയിൽ നിന്നും നീതി പ്രതീക്ഷിക്കാൻ പ്രയാസമാണ്. സ്റ്റേറ്റിനേയും കോടതിയേയും ചോദ്യംചെയ്യുന്ന തരത്തിൽ ആളുകൾ വളർന്നാൽ മാത്രമെ ഈ പ്രതിസന്ധിയെ മറികടക്കാൻ കഴിയൂ. പ്രജ്ഞ വളരെ താഴ്ന്ന തലത്തിലാണ് സൊസൈറ്റിയിൽ ഇടപെടുന്നത്. ബുദ്ധി ഒരു പ്രത്യേക അനുപാതത്തിന് മുകളിൽ വരാൻ സംസ്കാരം അനുവദിക്കില്ല.

പല തരത്തിലുള്ള പ്രായോഗിക പരിഗണനകളിലൂടെയാണ് സ്ഥാപനങ്ങളിലെ പ്രാക്ടീസുകൾ നിർണ്ണയിക്കപ്പെടുന്നത്. സ്ഥാപനങ്ങൾ രൂപപ്പെടുന്നത് എങ്ങിനെയാണ് എന്നത് പ്രസക്തമല്ല. അത് എങ്ങിനെ നിലനിൽക്കുന്നു എന്നതാണ് പ്രധാനം. മിക്കപ്പോഴും അയുക്തികമായിരിക്കും അത് നിലനിൽക്കുന്നത്. ഏതെങ്കിലും ഒരു വിഭാഗത്തെ സംരക്ഷിക്കുന്നതുകൊണ്ടോ മറ്റൊന്നിനെ തള്ളിക്കളയുന്നതുകൊണ്ടോ ആയിരിക്കും എല്ലാ സ്ഥാപനങ്ങളും നിലനിൽക്കുന്നത്. അത്രയധികം അയുക്തികളുള്ള ഒരു സ്ഥാപനത്തിനുള്ളിൽ യൗക്തികത തിരയുന്നതിൽ അർത്ഥമില്ല. മാധ്യമങ്ങളും അത്തരത്തിലുള്ള ഒരു സ്ഥാപനമാണ്. ബൂർഷ്വാസിക്ക് വേണ്ടി വിവരങ്ങൾ ശേഖരിക്കുക എന്ന ലക്ഷ്യത്തോടെയാണ് മാധ്യമങ്ങൾ പ്രവർത്തനം തുടങ്ങിയത് പോലും.

**സേതുനാഥ്:** മുഖ്യാധാരാ മാധ്യമങ്ങൾ ഒരു പ്രചരണവ്യവസ്ഥയാണ്. പ്രത്യേക വിഭാഗത്തിന്റെ താത്പര്യങ്ങൾക്ക് വേണ്ടിയാണ് അത് നിലനിൽക്കുന്നത്.

**നിസാർ:** അങ്ങിനെ പറയാൻ കഴിയില്ല. മാധ്യമത്തിന് പിന്നിൽ പ്രവർത്തിക്കുന്നവരുടെ തീരുമാനങ്ങൾക്കനുസരിച്ച് പ്രചാരണം മാറി വരും. എന്താണ് കമ്മ്യൂണിക്കേറ്റ് ചെയ്യാൻ ഉദ്ദേശിക്കുന്നത് എന്നതാണ് അവരുടെ പ്രചാരണം.

**സേതുനാഥ്:** ചോംസ്കി പറയുന്നതുപോലെയുള്ള ഒരു പ്രചരണമാണ് ഞാൻ ഉദ്ദേശിച്ചത്. ക്യാപിറ്റലിസ്റ്റ് സൊസൈറ്റിയുടെ നിലനിൽപ്പിന് അനുയോജ്യമായ തരത്തിലുള്ള ഒരു പ്രൊപ്പഗൻഡ മീഡിയ നിർമ്മിക്കുന്നില്ലേ?

**നിസാർ:** പല മാധ്യമങ്ങളും അവരുടെ റോൾ അത്തരത്തിൽ നിർവചിച്ചിട്ടുണ്ടാകാം. എന്നാൽ ഭൂരിപക്ഷം മാധ്യമങ്ങളും ഇതൊന്നും തിരിച്ചറിയാതെ തന്നെ ഇതേ റോൾ എടുക്കുന്നുണ്ട്. ഇന്ത്യൻ സമൂഹത്തിൻ പിടിച്ച് നിൽക്കാൻ എന്തെല്ലാം തീരുമാനങ്ങളാണ് എൻ.ഡി.ടി.വി എടുത്തത്? മാധ്യമങ്ങൾ ഫോർത്ത് എസ്റ്റേറ്റും കോമൺസ് തേഡ് എസ്റ്റേറ്റുമാണ്. കോമൺസ് ആണെങ്കിലും തേഡ് എസ്റ്റേറ്റ് ബൂർഷ്വായാണ്. തേഡ് എസ്റ്റേറ്റിലുള്ള ബൂർഷ്വാസികളും ഭരണവർഗ്ഗവും തമ്മി



ലുള്ള സഖ്യം രൂപപ്പെടുകയാണ് മാധ്യമങ്ങളിൽ സംഭവിക്കുന്നത്. എൻ.ഡി.ടി.വി യിലും അതാണ് നടക്കുന്നത്.

**സേതുനാഥ്:** എൻ.ഡി.ടി.വി യുടെ റിക്രൂട്ട്മെന്റ് പോലും അത്തരത്തിലുള്ളതാണ്. ഐ.എ.എസ് തലത്തിലുള്ള ബ്യൂറോക്രാറ്റുകളോട് അടുത്ത ബന്ധം പുലർത്തുന്നവരെയാണ് അവർ ആദ്യം റിക്രൂട്ട് ചെയ്തത്. ഇത്തരം കാര്യങ്ങൾ സമൂഹം തിരിച്ചറിയാതെ പോകുന്നതാണ് പ്രശ്നം.


മാധ്യമങ്ങളെ നിരീക്ഷിക്കുന്ന മീഡിയ ലെൻസ് എന്നൊരു സ്ഥാപനം ലണ്ടനിൽ പ്രവർത്തിക്കുന്നുണ്ട്. ഗൾഫ് യുദ്ധത്തിന്റെ സമയത്ത് പുരോഗമനപരമെന്ന് നമ്മൾ പറഞ്ഞിരുന്ന ഗാർഡിയൻ അടക്കമുള്ള പല പത്രങ്ങളും യുദ്ധത്തെ അനുകൂലിക്കുന്ന വാർത്തകളാണ് കുടുതൽ റിപ്പോർട്ട് ചെയ്തത്. 3000 വാർത്തകൾ വന്നതിൽ 2997 ഉം യുദ്ധത്തിനെ അനുകൂലിക്കുന്ന വാർത്തകളായിരുന്നു. യുദ്ധത്തെ എതിർത്ത് പ്രസിദ്ധപ്പെടുത്തിയ മൂന്ന് വാർത്തകളും അപ്രധാനമായവയായിരുന്നു. അമേരിക്കയിലെ ന്യൂയോർക്ക് ടൈംസ് എന്ന പത്രം, അമേരിക്കൻ സേന ഇറാഖിൻ നിന്നും പിന്മാറിയാൽ അവിടെ സെക്ടേറിയൻ കലാപമുണ്ടാകുമെന്നാണ് പറയുന്നത്. ജനാധിപത്യം സ്ഥാപിക്കാൻ വേണ്ടിയാണ് യുദ്ധമെന്നായിരുന്നു അവർ ആദ്യം പറഞ്ഞിരുന്നത്. ജനാധിപത്യം സ്ഥാപിച്ചു കഴിഞ്ഞപ്പോൾ പട്ടാളം പിന്മാറിയാൽ സെക്ടേറിയൻ കലാപമുണ്ടാകുമെന്ന് പറയുന്നു. ഇത്തരം കാര്യങ്ങളെ എങ്ങിനെയാണ് അനലൈസ് ചെയ്യാൻ കഴിയുന്നത്.

**നിസാർ:** മാധ്യമങ്ങളിലൂടെ പുറത്ത് വരുന്ന വരേണ്യ മനസ്ഥിതിയാണിത്. ഭൂരിപക്ഷം ജനങ്ങളും ഈ മനസ്ഥിതി ഉത്പാദിപ്പിക്കുന്നില്ല. ഇത്തരം റിപ്പോർട്ടുകളോട് ആളുകൾ എങ്ങിനെ പ്രതികരിക്കുന്നു എന്നതാണ് നോക്കേണ്ടത്. ഇത്തരം പ്രശ്നങ്ങളെ വിശകലനം ചെയ്യാൻ അവരുടെ കൈയ്യിൽ എന്ത് ഉപകരണമാണുള്ളത്? എൻ.ഡി.ടി.വി വരേണ്യമല്ലാത്ത ഒരു കാഴ്ച്ചപ്പാട് അവതരിപ്പിക്കണം എന്ന് വിചാരിക്കുന്നത് നിങ്ങളുടെ പ്രശ്നമാണ്. വേറൊരു നിലവാരം വരാനുള്ള ഉപാധികൾ ഇല്ല. റിപ്പോർട്ടുകളാണ് നമ്മുടെ സാമഗ്രികൾ. എനിക്ക് ഇറാഖിൽ നിന്നുള്ള റിപ്പോർട്ടുകൾ തരുന്നത് അമേരിക്കൻ മീഡിയയാണ്. വേറെ വഴികൾ ഇല്ല. അൽജസീറ വന്നപ്പോൾ സാഹചര്യം മാറി. എന്നാലും നിലവാരമുള്ള ഒരു രീതി എവിടെയുമില്ല.

**സേതുനാഥ്:** മീഡിയയിലെ റിസോഴ്സസ് ഉപയോഗിക്കപ്പെടുന്നത് പവർ സെക്ടറിനെ നിലനിർത്താൻ വേണ്ടിയല്ലേ? ബദൽ നിലവാരങ്ങൾ കണ്ടെത്താനുള്ള സാധ്യതകൾ ഇല്ലാതാകുന്നില്ലേ?

**നിസാർ:** പവർ സെക്ടറിനെ നിലനിർത്താൻ വേണ്ടിയുള്ള ഒരു ഡിസൈൻ മീഡിയയ്ക്കുണ്ടോ? പലപ്പോഴും അത്തരം ഡിസൈനിന്റെ പുറത്തായിരിക്കില്ലേ മീഡിയ പ്രവർത്തിക്കുന്നത്. ഞങ്ങളില്ലെങ്കിൽ കാര്യങ്ങൾ കുഴപ്പത്തിലാകും എന്ന ധാരണയുടെ പുറത്താണ്, എൻ.ഡി.ടി.വിയെല്ലാം പ്രവർത്തിക്കുന്നത്. ജനങ്ങൾക്ക് അനുകൂലമായ ഒന്നും മാധ്യമങ്ങളിൽ നിന്നും പ്രതീക്ഷിക്കുന്നതിൽ

**ഏതെങ്കിലും ഒരു വിഭാഗത്തെ സംരക്ഷിക്കുന്നതുകൊണ്ടോ മറ്റൊന്നിനെ തള്ളിക്കളയുന്നതുകൊണ്ടോ ആയിരിക്കും എല്ലാ institutions ഉം നിലനിൽക്കുന്നത്. അത്രയധികം അയുക്തികളുള്ള ഒരു institution ന് ഉള്ളിൽ rationality തിരയുന്നതിൽ അർത്ഥമില്ല. മാധ്യമങ്ങളും അത്തരത്തിലുള്ള ഒരു institution ആണ്. ബൂർഷ്വാസിക്ക് വേണ്ടി വിവരങ്ങൾ ശേഖരിക്കുക എന്ന ലക്ഷ്യത്തോടെയാണ് മാധ്യമങ്ങൾ പ്രവർത്തനം തുടങ്ങിയത് പോലും**



വര: വി.എസ്. ഗിരീശൻ

അർത്ഥമില്ല. കാരണം ജനങ്ങൾക്ക് മീഡിയയിൽ പ്രാപ്തിയില്ല. ചിലവ് കുറവായതുകൊണ്ട് ന്യൂമീഡിയ പലർക്കും പ്രാപ്യമാകുന്നുണ്ട്. പക്ഷേ ജനസംഖ്യയുടെ ഒരു വലിയ ശതമാനത്തിന് അത് ഇപ്പോഴും അപ്രാപ്യമാണ്. മുഖ്യാധാരാ മാധ്യമങ്ങൾക്ക് ബദലായി ഇന്റർനെറ്റ് സൗകര്യങ്ങൾ ഉപയോഗിക്കാൻ കഴിയുന്നത് ഒരു മധ്യവർഗ്ഗവിഭാഗത്തിന് മാത്രമാണ്. മധ്യവർഗ്ഗ വിഭാഗമെന്നാൽ ഉപഭോഗശേഷിയുള്ളവർ എന്നർത്ഥം. അവർക്ക് ഒരു പ്രസ്ഥാനമുണ്ടാക്കാൻ കഴിയണമെന്നില്ല. അധ:സ്ഥിതരായ വിഭാഗങ്ങൾക്ക് ഈ ഇടത്തിൽ ഇടപെടാൻ കഴിയില്ല. അവർ വലിയൊരു വിഭാഗമാണ്. ഉപാധികൾ ഉണ്ടെങ്കിൽ മാത്രമാണ് മെയിൻ സ്ട്രീം മീഡിയയുടെ മുഖ്യധാരാ മാധ്യമങ്ങളുടെ നിലവാരത്തെ ചോദ്യം ചെയ്യാൻ കഴിയുന്നത്.

**സേതുനാഥ്:** സാമൂഹികനീതിക്കായി നിലക്കൊള്ളുന്ന മീഡിയയുടെ നിലവാരവത്കരണം എങ്ങിനെയാകണം? അത്തരമൊരു സങ്കൽപ്പത്തിന് സാധ്യതയുണ്ടോ?

**നിസാർ:** നിലവിലുള്ള സാഹചര്യങ്ങൾക്കനുസരിച്ച് മാത്രമെ അതിനെക്കുറിച്ച് പറയാൻ കഴിയൂ. ഇപ്പോഴത്തെ സാഹചര്യത്തിൽ മീഡിയ വളരെ വരേണ്യമായ ഒന്നാണ്. വരേണ്യ ഉടമസ്ഥതയിൽ ഉള്ളത്. ഉപാധികൾ ഉള്ള അവർക്ക് ന്യായം ഒരു വിഷയമല്ല. മീഡിയ ഒരു ബിസിനസ് ആയതുകൊണ്ട് വിനോദത്തിനാണ് അവർ പ്രാധാന്യം കൊടുക്കുന്നത്. അതിൽ നിന്നും വ്യതിചലിച്ച് ന്യായമുണ്ടാക്കില്ല. ജനങ്ങൾക്ക് ഇതൊന്നും ഒരു പ്രശ്നമല്ല. മനസ്ഥിതിയുടെ ഒരു പ്രശ്നമായാണ് ഞാൻ ഇതിനെ കാണുന്നത്. ജനങ്ങൾ ഇതെല്ലാം ഇഷ്ടപ്പെടുന്നു. മീഡിയ ഒന്നും ആസൂത്രിതമായി ചെയ്യണമെന്നില്ല. മാനുഷികമായ സത്യനിഷ്ഠ കാരണം സംഭവിക്കുന്നതാണ്.

**സേതുനാഥ്:** ക്യാപിറ്റലിസം ഉണ്ടാക്കിയ ഒരു പ്രശ്നമല്ലേ

**മനുഷ്യൻ യന്ത്രങ്ങളെ നിർമ്മിക്കുന്നതിലാണ് ഇപ്പോൾ കൂടുതൽ ക്രിയേറ്റിവിറ്റി കാണിക്കുന്നത്. ഏറ്റവും ബുദ്ധിയുള്ള മെഷീൻ നിർമ്മിക്കുന്നതിലേക്കാണ് മനുഷ്യൻ നീങ്ങിക്കൊണ്ടിരിക്കുന്നത്. ആ മെഷീനപ്പുറത്തേക്ക് ചിന്തിക്കാൻ പിന്നീട് മനുഷ്യനാകില്ല. മനുഷ്യനും ഈ മെഷീനും അടങ്ങുന്ന ജീവപരിസരത്തെ സൃഷ്ടിക്കാനിടയായ സാഹചര്യം മാനുഷിക പ്രജ്ഞയുടെ അഭാവത്തെയാണ് കാണിക്കുന്നത്. മെഷീൻ ഉണ്ടാക്കുന്ന ബുദ്ധി അതിജീവനത്തിന് യോജിച്ച ബുദ്ധിയല്ല. അതാണ് മനുഷ്യ ബുദ്ധിയുടെ സ്വഭാവം. ഈ പരിസരത്തിനുള്ളിലാണ് മാധ്യമങ്ങളും പ്രവർത്തിക്കുന്നത്**

അത്? മുതലാളിത്ത പൂർവ്വലോകത്തിൽ എങ്ങിനെയായിരുന്നു?

**നിസാർ:** മോശമായിരുന്നില്ലേ? യൂറോപ്പിലെല്ലാം പ്രീമോഡേൺ സൊസൈറ്റിയിലും ബൂർഷ്വാസിയുടെ ഇടപെടൽ ശക്തമായിരുന്നില്ലേ? ആധുനിക വിജ്ഞാനം ഉണ്ടായത് യൂറോപ്പിൽ നിന്നായതുകൊണ്ടാണ് യൂറോപ്പ് ഒരു സ്റ്റാൻഡേർഡായി വരുന്നത്. മുൻകാലങ്ങളിൽ എന്തായിരുന്നു എന്ന വാദത്തിന് പ്രസക്തിയില്ല. ഇപ്പോഴത്തെ സാഹചര്യം മാറ്റാൻ ഭൂതകാ

ലത്തിന് കഴിയില്ല.

മനുഷ്യർ ശേഷിയുള്ളവരാണ് എന്ന് നിങ്ങൾ പറയുന്നതിൽ എനിക്ക് സംശയമുണ്ട്. മാനുഷിക പ്രജ്ഞയുടെ കാര്യം തന്നെ പരുങ്ങലിലാണ്. കളക്ടീവായ ചില കാര്യങ്ങൾ ചെയ്യാൻ മനുഷ്യന് പറ്റില്ല. അതുകൊണ്ടാണ് കളക്ടീവായി ഇടപെടുമ്പോൾ കുറ്റകൃത്യങ്ങൾ ഉണ്ടാകുന്നത്. ആ സാഹചര്യത്തിൽ നിന്നുകൊണ്ട്, മാധ്യമങ്ങൾ ഇതല്ല മറ്റൊന്നാണ് ചെയ്യേണ്ടത് എന്ന് പറയുന്നതിൽ ഞാൻ പ്രതീക്ഷ കാണുന്നില്ല.

**സേതുനാഥ്:** അത്തരം ആശയില്ലാത്ത ഒരു അവസ്ഥയിൽ നിൽക്കുമ്പോഴും മുബാറക്കിനെ പോലെയുള്ള ഒരാൾ അധികാരം ഒഴിഞ്ഞ് പോകുമ്പോൾ നമ്മുക്ക് സന്തോഷം തോന്നുന്നില്ലേ?

**നിസാർ:** കാര്യങ്ങൾ ഇതുപോലെ സംഭവിക്കും. നിങ്ങൾ അതിൽ ഒരു രീതിഅന്വേഷിക്കുമ്പോഴാണ് പ്രശ്നം. ന്യായമായ ഒരു മുഹൂർത്തം കിട്ടിയാൽ, അത് നമുക്ക് എങ്ങനെ കിട്ടാം എന്ന് ചിന്തിച്ച് നമ്മൾ ഒരു രീതി കണ്ടെത്തുന്നു. ആ രീതിയിലൂടെ ആകണമെന്നില്ല അവിടെ നീതി സംഭവിച്ചത്. രീതിശാസ്ത്രം ഉണ്ടാക്കുന്നതിൽ അർത്ഥമുണ്ടോ എന്ന് ചിന്തിക്കേണ്ടി വരുന്നത് അതുകൊണ്ടാണ്. പ്രശ്നപരിഹാരം അത്തരം രീതികളിലൂടെ ഉണ്ടാകണമെന്നില്ല. സമൂഹത്തിലെ ശക്തിബന്ധങ്ങളുടെ യുക്തി, ന്യായത്തിലല്ല കിടക്കുന്നത്. ശക്തി എന്നത് വളരെ അന്ധമായ ഒന്നാണ്. അത് ആളുകളുടെ താത്പര്യങ്ങളുമായി ബന്ധപ്പെട്ടതാണ്. താത്പര്യങ്ങളും ശക്തിയും ആശയത്തെയും അറിവിനെയും സ്വാധീനിക്കുന്നുണ്ട്. അത്തരമൊരു സാഹചര്യത്തിലാണ് നമ്മൾ പ്രവർത്തിക്കുന്നത്. അത് നമ്മുടെ പരിമിതിയാണ്. അതിനകത്താണ് നമ്മൾ പരിഹാരങ്ങൾ തിരയുന്നത്. മാനുഷിക പ്രജ്ഞയ്ക്ക് മാത്രമാണ് ഇത്തരം താത്പര്യങ്ങളെ മറികടക്കാൻ കഴിയുന്നത്. മാധ്യമങ്ങളെക്കുറിച്ചുള്ള ചോദ്യങ്ങളെല്ലാം ഈ സാഹചര്യത്തിൽ നിന്നുകൊണ്ടാണ് ഉന്നയിക്കേണ്ടത്.

മാധ്യമങ്ങൾ എങ്ങനെ ആയിത്തീർന്നാൽ സാമൂഹിക നീതി സംഭവിക്കും എന്ന് ചിന്തിക്കുമ്പോൾ ചില രീതിശാസ്ത്രങ്ങൾ ലഭ്യമാണ് എന്ന് നമ്മൾ കരുതുന്നു. മാധ്യമങ്ങളെ മാറ്റാവുന്നതാണ് എന്ന ധാരണയോടെയാണ് ഇവിടെ നമ്മൾ ഇടപെടുന്നത്. ആളുകൾ അവരുടെ ജീവപരിസ്ഥ്തിയുടെ സൃഷ്ടിയാണ് എന്ന് പറയുന്നതുപോലെ തെറ്റാണത്. ജീവപരിസ്ഥിതി മനുഷ്യൻ ഉണ്ടാക്കുന്നതാണ്. മാനുഷിക പ്രജ്ഞയുടെ സൂചകമാണ് ഈ ജീവപരിസ്ഥിതി. മനുഷ്യൻ മനുഷ്യനെ നിർമ്മിക്കുന്നതിനായി ഉപയോഗിക്കുന്ന ക്രിയാത്മകതയിലൂടെ വേണം ജീവപരിസ്ഥിതിയുടെ പ്രശ്നങ്ങളെ മറികടക്കാൻ. എന്നാൽ മനുഷ്യൻ യന്ത്രങ്ങളെ നിർമ്മിക്കുന്നതിലാണ് ഇപ്പോൾ കൂടുതൽ ക്രിയേറ്റിവിറ്റി കാണിക്കുന്നത്. ഏറ്റവും ബുദ്ധിയുള്ള മെഷീൻ നിർമ്മിക്കുന്നതിലേക്കാണ് മനുഷ്യൻ നീങ്ങിക്കൊണ്ടിരിക്കുന്നത്. ആ മെഷീനപ്പുറത്തേക്ക് ചിന്തിക്കാൻ പിന്നീട് മനുഷ്യനാകില്ല. മനുഷ്യനും ഈ മെഷീനും അടങ്ങുന്ന ജീവപരിസരത്തെ സൃഷ്ടിക്കാനിടയായ സാഹചര്യം മാനുഷിക പ്രജ്ഞയുടെ അഭാവത്തെയാണ് കാണിക്കുന്നത്. മെഷീൻ ഉണ്ടാക്കുന്നത് അതിജീവനത്തിന് പറ്റിയ യുക്തിയല്ല. അതാണ് മനുഷ്യബുദ്ധിയുടെ സ്വഭാവം. ഈ പരിസരത്തിനുള്ളിലാണ് മാധ്യമങ്ങളും പ്രവർത്തിക്കുന്നത്. ഈ പരിസരത്തിനുള്ളിൽ ഒന്നും ചെയ്യാൻ നമ്മുക്ക്

**മാധ്യമങ്ങൾ എങ്ങനെ ആയിത്തീർന്നാൽ സാമൂഹിക നീതി സംഭവിക്കും എന്ന് ചിന്തിക്കുമ്പോൾ ചില രീതിശാസ്ത്രങ്ങൾ ലഭ്യമാണ് എന്ന് നമ്മൾ കരുതുന്നു. മാധ്യമങ്ങളെ മാറ്റാവുന്നതാണ് എന്ന ധാരണയോടെയാണ് ഇവിടെ നമ്മൾ ഇടപെടുന്നത്. ആളുകൾ അവരുടെ ജീവപരിസ്ഥ്തിയുടെ സൃഷ്ടിയാണ് എന്ന് പറയുന്നതുപോലെ തെറ്റാണത്. ജീവപരിസ്ഥിതി മനുഷ്യൻ ഉണ്ടാക്കുന്നതാണ്**

കഴിയില്ല. ഒരു രീതിശാസ്ത്രവും അതിന് ലഭ്യമാണെന്ന് തോന്നുന്നില്ല. ഈ പരിസ്ഥിതിയെ മാറ്റിത്തീർക്കാൻ കഴിയുന്ന പ്രജ്ഞയാണ് ആണ് മനുഷ്യൻ ഇനി പുറത്തുകൊണ്ടുവരേണ്ടത്.

മനുഷ്യജീവിയുടെ ശേഷിക്കനുസരിച്ച് മനുഷ്യൻ ഉപകരണങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ഒരു പരിധി കഴിഞ്ഞാൽ അത് നിന്നു പോകും. അത് സാങ്കേതിക ബുദ്ധിയാണ്. സാമൂഹിക പ്രജ്ഞയല്ല. സാമൂഹിക പ്രജ്ഞയാണ് എല്ലാ കാലത്തും പ്രശ്നമായിട്ടുള്ളത്. അതിന്റെ മുഴുവൻ ശേഷിയും ഇതുവരെ സമാഹരിക്കപ്പെട്ടിട്ടില്ല. ന്യായമുണ്ടാകാത്തതും സാമൂഹിക പ്രജ്ഞയുടെ പ്രശ്നമാണ്. നിങ്ങൾ വിഷമിക്കുന്നതിൽ എനിക്ക് പ്രശ്നം തോന്നാത്തത് അതുകൊണ്ടാണ്. ചില ഹ്യൂമൻ സ്പീഷിന്റെ ഉള്ളിൽ അതുണ്ട്. സാമൂഹികജീവിതം സാധ്യമാകുന്നത് അതുകൊണ്ടാണ്. പല പ്രശ്നങ്ങളേയും മറികടക്കാൻ സാങ്കേതികവിദ്യക്ക് സാധിക്കില്ല. സാമൂഹിക പ്രജ്ഞലൂടെ മാത്രമാണ് അത് സാധിക്കുന്നത്. അത് നമ്മൾ നേരിടേണ്ട വിഷയമാണ്. അത്തരത്തിലുള്ള സാഹചര്യം സംജാതമായിക്കൊണ്ടിരിക്കുകയാണ്. അത് തിരിച്ചറിയുന്നവർ സമൂഹത്തിന് അത് കാണിച്ചുകൊടുക്കാൻ ശ്രമിക്കണം. മാധ്യമങ്ങളുടെ ഒരു റോൾ അവിടെയാണെന്നാണ് ഞാൻ കരുതുന്നത്. മെഷീനുകളൊന്നും മനുഷ്യനെ രക്ഷിക്കില്ല എന്ന് തിരിച്ചറിയുന്ന ആ നിർണ്ണായക മുഹൂർത്തത്തിൽ സാമൂഹിക പ്രജ്ഞ പ്രവർത്തിച്ചേക്കാം. നിർണ്ണായക മുഹൂർത്തത്തിനായി കാത്തുനിൽക്കാതെ ഇപ്പാൾ തന്നെ സാമൂഹിക പ്രജ്ഞ ആർജ്ജിക്കാൻ ചെയ്യാൻ ശ്രമിക്കണമെന്നാണ് ഞാൻ പറയുന്നത്. എല്ലാ പ്രശ്നങ്ങളേയും ടെക്നോളജിക്കലായി മറികടക്കാനാണ് നമ്മൾ ശ്രമിക്കുന്നത്. ടെക്നോളജി കുടുതൽ സൗകര്യങ്ങളുണ്ടാക്കുന്നുണ്ടാകാം. എന്നാൽ സാമൂഹികപ്രശ്നങ്ങൾ പരിഹരിക്കാൻ അത് പര്യാപ്തമല്ല.

സാമൂഹിക പ്രജ്ഞ ഉണ്ടാകാനുള്ള സാഹചര്യം സമൂഹം സൃഷ്ടിക്കുന്നില്ല. മറ്റൊരാളുടെ പ്രശ്നങ്ങളെ തിരിച്ചറിയാനുള്ള അവസരം കൊടുക്കാത്ത തരത്തിലാണ് കുട്ടികളെ വളർത്തുന്നത്. വ്യക്തികളുടെ ഇടയിൽ മത്സരം വളരെയധികം കൂടി. എല്ലാ ബന്ധങ്ങളിലേക്കും അത് വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. മത്സരമാണ് ബന്ധങ്ങളെ നിലനിർത്തുന്നത്. സാമൂഹികമായി ജീവിക്കാൻ കഴിയുക എന്നതാണ് സാമൂഹിക പ്രജ്ഞ കൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത്. അതുണ്ടായില്ലെങ്കിൽ സാമൂഹിക ജീവിതത്തിൽ നീതിന്യായമുണ്ടാകില്ല.